പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843 18.06.2012 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ<br>,, കെ. രാജു<br>,, ഇ. ചന്ദ്രശേഖരൻ<br>,, ഇ. കെ. വിജയൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കുട്ടികൾ മാനഭംഗത്തിനിരയായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;<br><br>(ബി) പ്രസ്തുത കാലയളവിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെ മാനഭംഗപ്പെടുത്തിയ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും കുട്ടികൾ(കുട്ടികളെ പ്രായപൂർത്തിയാകാത്തവർ/അല്ലാത്തവർ എന്ന് തരംതിരിച്ചിട്ടില്ല) മാനഭംഗത്തിനിരയായതുമായി ബന്ധപ്പെട്ട് 500 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കാലയളവിൽ കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര കുട്ടികളെ കണ്ടുപിടിച്ച് രക്ഷിതാക്കളെ ഏൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) 178 കുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് 175 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 175 കുട്ടികളെ കണ്ടുപിടിച്ച് രക്ഷിതാക്കളെ എൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി വനിത സെല്ലിന്റെയും ചൈൽഡ് ഹെൽപ് ലൈനിന്റെയും സേവനം ഉപയോഗപ്പെടുത്തിയും ജനമൈത്രി സംവിധാനം ഉപയോഗിച്ച് ഫലപ്രദമായി ബീറ്റുകൾ നടത്തിയും അത്യാവശ്യഘട്ടങ്ങളിൽ ഇവർക്ക് സഹായം ലഭിക്കുന്നതിന് ടോൾ ഫ്രീ നമ്പർ സംവിധാനം ഏർപ്പെടുത്തിയും |

നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്ക് ഇന്ത്യൻ പീനൽകോഡ്, ഗാർഹിക പീഡന നിയമം, ഐ.റ്റി. ആക്ട്, Child Marriage Restraint Act, Juvnile Justice Act എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ച് Anti Ragging Cell, School Protection Group എന്നിവ രൂപീകരിച്ച് കുട്ടികൾക്കുള്ള സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ